പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2864 | 17.10.2016 ൽ മറുപടിക്ക്

## കോട്ടയ്ക്കൽ മണ്ഡലത്തിലെ പി.എച്ച്.സി. കളിലെ ഒഴിവുകൾ

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കോട്ടയ്ക്കൽ മണ്ഡലത്തിലെ വളാഞ്ചേരി, പൊൻവള, ഇരിമ്പിളിയം, കോട്ടയ്ക്കൽ, മാറക്കര പി.എച്ച്.സി.കളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ; | (എ) | കോട്ടക്കൽ മണ്ഡലത്തിലെ വിവിധ പി.എച്ച്.സി.യിലെ നിലവിലെ ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1) **<u>ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-II:</u>**<br>പി.എസ്.സി.യിൽ നിന്നും അഡ്വൈസ് 29.09.2016-ന് ലഭിച്ചിട്ടുണ്ട്. ആയതിൽ നിയമന നടപടികൾ നടന്നുവരികയാണ്.<br>2) **<u>പബ്ലിക് ഹെൽത്ത് നഴ്സ് :</u>**<br>ടി ഒഴിവ് ഉദ്യോഗക്കയറ്റത്തിലൂടെ നികത്തുന്നതാണ്.<br>3) **<u>ആശുപത്രി അറ്റൻഡർ ഗ്രേഡ്-II:</u>**<br>ഈ തസ്തികയിലെ 50% ഒഴിവ് ഈ വകുപ്പിലെ പാർട്ട് ടൈം തസ്തികയിൽ നിന്ന് സ്ഥാനക്കയറ്റം നൽകിയും ബാക്കി 50% ജില്ലാ കളക്ടർ അനുവദിക്കുന്ന ഇതര വകുപ്പിലെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ ജില്ലാതല പൊതുസീനിയോറിട്ടി ലിസ്റ്റിൽനിന്നും സ്ഥാനക്കയറ്റം നൽകുന്നതിനുള്ള ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്.<br>4) **<u>ഫാർമസിസ്റ്റ്:</u>**<br>മേൽ ഒഴിവ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് മുഖേന ഒരാൾ ജോലി ചെയ്തു വരുന്നു. |
| (ബി) | ഈ പി.എച്ച്.സി. കളിൽനിന്ന് ഉദ്യോഗസ്ഥരെ സ്ഥിരമായി സ്ഥലംമാറ്റുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉദ്യോഗസ്ഥരെ സ്ഥിരമായി മാറ്റുന്ന നടപടികൾ നിറുത്തി വയ്ക്കുവാൻ ആവശ്യമായ നിർദ്ദേശം ഡി.എച്ച്.എസിന് നൽകുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | സ്ഥിരമായി സ്ഥലംമാറ്റം നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ